KOLLAM CITY POLICE
www.kollamcity.keralapolice.gov.in

Dated : 28/ 08/ 2017

# കോമ്പിങ്ങ് ഓപ്പറേഷനിൽ പിടികിട്ടാപ്പുള്ളികളായ 10 പേർ അറസ്റ്റിൽ :

കൊല്ലം: സിറ്റി പോലീസ് കമ്മീഷണർ എസ്.അജീതാ ബേഗം ഐ.പി.എസിന്റെ നിർദ്ദേശപ്രകാരം ശനിയാഴ്ച വൈകുന്നേരം 05 മണിമുതൽ 10 മണിവരെ നടത്തിയ പ്രത്യേക കോമ്പിങ്ങ് ഓപ്പറേഷനിൽ കൊല്ലം സിറ്റിയിൽ പിടികിട്ടാപ്പുള്ളികളായ പത്തു പേരേയും ഇരുപത്തിയാറ് വാറണ്ട് പ്രതികളും അറസ്റ്റിലായി.


പിടികിട്ടാപ്പുള്ളികളായ 10 പേരെയും 26 വാറണ്ട് പ്രതികളെയും അറസ്റ്റ് ചെയ്തു

കൊല്ലം സിറ്റിയിൽ നടന്ന കോമ്പിങ്ങിൽ ഇവരെ കൂടാതെ നിരോധിത പുകയില ഉത്പന്നങ്ങൾ വിറ്റതിന് ആറുപേർക്കെതിരേയും മയക്കുമരുന്നുകൾ ഉപയോഗിച്ചതിന് നാലുപേർക്കെതിരേയും കേസുകൾ രജിസ്റ്റർ ചെയ്തു. മദ്യപിച്ച് വാഹനമോടിച്ചതിന് 140 പേർക്കെതിരേയും അലക്ഷ്യമായും അപകടകരമായും വാഹനമോടിച്ചതിന് ഇരുപത്തിയഞ്ച് പേർക്കെതിരേയും പൊതുനിരത്തിൽ മദ്യപിച്ച് കലഹമുണ്ടാക്കിയതിനും പൊതുസ്ഥലത്ത് മദ്യപിച്ചതിനും അൻപത്തി നാലുപേർക്കെതിരേയും കേസെടുത്തു. വാഹന പരിശോധന നടത്തിയ 1004 പേർക്കും പൊതുസ്ഥലത്ത് പുകവലിച്ചതിന് 59 പേർക്കെതിരേയും പിഴചുമത്തി.

കൊല്ലം എ.സി.പി ജോർജ്ജ് കോശി, ചാത്തന്നൂർ എ.സി.പി ജവഹർ ജനാർദ്ദ്, കരുനാഗപ്പള്ളി എ.സി.പി ശിവപ്രസാദ് എന്നിവരുടെ നേതൃത്വത്തിൽ കൊല്ലം സിറ്റിയിലെ മുഴുവൻ പോലീസ് ഉദ്ധ്യോഗസ്ഥരേയും ഉൾപ്പെടുത്തി നടത്തിയ പ്രത്യേകപരിശോധനയിലാണ് വിവിധ കേസുകൾ രജിസ്റ്റർ ചെയ്തത്. വരും ദിവസങ്ങളിൽ ഇത്തരം അപ്രതീക്ഷിത പരിശോധനകൾ ജില്ലയിൽ തുടരുമെന്ന് സിറ്റി പോലീസ് കമ്മീഷണർ എസ്.അജീതാ ബേഗം ഐ.പി.എസ് മുന്നറിയിപ്പുനൽകുകയാണ്.